# INDIAN SCHOOL DARSAIT
# DEPARTMENT OF MALAYALAM,2017-18
# VIII-3rd Lang

Subject: മലയാളം Topic : COMPREHENSION Date of Worksheet : ___________

Resource Person: Geetha Unnikrishnan Date : ____________________

Name of the Student :_________________ Class & Division : _____ Roll Number : __

**S.No.**

1 .

താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

സ്കോട്ട്ലണ്ടിലെ രാജാവായിരുന്ന ബ്രൂസ്, ആറുപ്രാവശ്യം യുദ്ധത്തിൽ തോറ്റു. അവസാനം നിരാശനായി വനത്തിലെ ഒരു ഗുഹയിൽ അഭയം തേടി. അവിടെവെച്ച് ഒരു ചിലന്തി വലകെട്ടുന്നത് അദ്ദേഹം കണ്ടു. ഒരു വശത്തു നിന്ന് മറുവശത്തേക്ക് എത്താനായി ചിലന്തി ആറുപ്രാവശ്യം ചാടി. പരാജയപ്പെട്ടെങ്കിലും ഏഴാമത്തെ പ്രാവശ്യം ലക്ഷ്യസ്ഥാനത്തെത്തി. തോല്‌വിയിൽ മനസ്സു തളരരുതെന്നും വിജയിക്കുന്നതുവരെ പരിശ്രമിക്കണമെന്നുമുള്ള പാഠം ബ്രൂസ് ചിലന്തിയിൽനിന്നും പഠിച്ചു.

1. ബ്രൂസ് ആരായിരുന്നു?

   ……………………………………………………………..

2. അദ്ദേഹം ഗുഹയിൽ അഭയം തേടിയതെന്തുകൊണ്ട്?

   ……………………………………………………………..

   ……………………………………………………………..

   ……………………………………………………………..

3. ഗുഹയിൽവച്ച് അദ്ദേഹം കണ്ട കാഴ്ചയെന്ത്?

   …………………………………………………………….

   …………………………………………………………….

4. ബ്രൂസ് ചിലന്തിയിൽനിന്നും പഠിച്ചതെന്ത്?

............................................................

............................................................

............................................................

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു പേരുനല്കുക.

............................................................

2. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഒരിക്കലൊരിടത്ത് ചെറുങ്ങോരൻ എന്നു പേരായ ഒരു തെങ്ങു കയറ്റക്കാരൻ ഉണ്ടായിരുന്നു. ചെറുങ്ങോരന് തെങ്ങു കയറ്റമൊരു കലയാണ്. അതിനാൽ അയാളുടെ തെങ്ങുകയറ്റം ആളുകൾ നോക്കിനിന്നാസ്വദിക്കും. ആ നാട്ടിലെ ഏറ്റവും പൊക്കമുള്ള തെങ്ങ് കാട്ടകത്തു വളപ്പിലാണ്. നൂറുകൊല്ലം പ്രായമുള്ള തെങ്ങ് എന്നാണ് ചെറുങ്ങോരൻെറ ചെറുപ്പകാലത്ത് പഴമക്കാർ പറയാറ്. ആ തെങ്ങിപ്പോൾ തലപോയി നില്ക്കുകയാണ്. അങ്ങനെ നില്ക്കാൻ തുടങ്ങിയിട്ട് കൊല്ലം മൂന്നുനാലായി. എന്നിട്ടും വീണുപോയിട്ടില്ല. കാട്ടകത്ത് കാരണവർ അത് മുറിക്കാനിഷ്ടപ്പെട്ടില്ല. കാരണവന്മാരുടെ കാലത്തുള്ള തെങ്ങല്ലേ! വീഴുമ്പോൾ വീണോട്ടെ, അതിൻെറ കടയ്ക്കൽ കോടാലി വയ്പിക്കത്തക്ക കുരുത്തക്കേട് തനിക്കില്ലെന്നാണ് കാരണവർ പറയുന്നത്.

1. തെങ്ങുകയറ്റക്കാരൻെറ പേരെന്തായിരുന്നു?

   ...................................................................................

2. ആളുകൾ നോക്കിനിന്ന് ആസ്വദിച്ചിരുന്നത് എന്ത്?

   ...................................................................................

   ...................................................................................

3. ആ നാട്ടിലെ ഏറ്റവും പൊക്കമുള്ള തെങ്ങ് എവിടെയായിരുന്നു?

   ...................................................................................

4. കാരണവർ പറയുന്നതെന്ത്?

   ...................................................................................

5. ഈ കഥയ്ക്ക് ഉചിതമായ ഒരു പേരുനല്കുക.

   ...................................................................................